9802
13/10/20

# കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 20.02.2020 ലെ അവിനാശി കെ.എസ്.ആർ.ടി.സി ബസ് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് കോയമ്പത്തൂർ ഗംഗ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ശ്രീ. ബിനുവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച നടപടി സാധൂകരിച്ചുകൊണ്ടും ചികിത്സയിൽ തുടരുന്ന ശ്രീ. തോംസൺ ഡേവിസ്, ശ്രീ. ബിനു, ശ്രീമതി. ബിൻസി ഇഗ്നി എന്നിവരുടെ ചികിത്സയിനത്തിൽ ചെലവായ അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**സ.ഉ (കൈ) നമ്പർ. 241/2020/റവ.** **തിരുവനന്തപുരം, തീയതി, 09.10.2020**

---

പരാമർശം : 1. ജി.ഒ. (ആർ.റ്റി) നമ്പർ. 1174/2020/റവ. തീയതി, 19.03.2020
2. ജി.ഒ. (എം.എസ്) നമ്പർ 114/2020/റവ തീയതി 26.03.2020
3. ജി.ഒ. (ആർ.റ്റി). നമ്പർ 2368/2020/റവ. തീയതി. 01.07.2020
4. 19.03.2020 ലെ പാലക്കാട് ജില്ലാ കളക്ടറുടെ D8-2894/2020 നമ്പർ റിപ്പോർട്ട്.
5. 13.08.2020 ലെ പാലക്കാട് ജില്ലാ കളക്ടറുടെ D8-2894/2020 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

20.02.2020 ൽ തമിഴ്നാട്ടിലെ കോയമ്പത്തൂർ അവിനാശിയിലുണ്ടായ കെ.എസ്.ആർ.ടി.സി ബസ് അപകടത്തിൽ 19 പേർ മരണപ്പെടുകയും 25 പേർക്ക് പരിക്കേൽക്കുകയും ഉണ്ടായി. പ്രസ്തുത അപകടത്തിൽ പരിക്കേറ്റ ശ്രീ. ബിനുവിന് ചികിത്സാചെലവുകൾക്കായി പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ കളക്ടറുടെ പക്കലുള്ള ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത അപകടത്തിൽ മരണപ്പെട്ട 19 പേരുടെ ആശ്രിതർക്ക് രണ്ടു ലക്ഷം രൂപ വീതവും ചികിത്സയിൽ കഴിഞ്ഞിരുന്ന 25 പേർക്ക് ചികിത്സാചെലവുകൾക്കുമായി പരാമർശം (2), (3) പ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ളതാണ്.

2. പ്രസ്തുത അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് കോയമ്പത്തൂർ ഗംഗ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ശ്രീ. ബിനുവിന് പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം 6,33,880/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച നടപടിയെ സാധൂകരിക്കുന്നതിലേയ്ക്കും, ചികിത്സയിൽ തുടരുന്ന ശ്രീ. തോംസൺ ഡേവിസ്, ശ്രീ. ബിനു, ശ്രീമതി. ബിൻസി ഇഗ്നി എന്നിവരുടെ ചികിത്സയിനത്തിൽ ചെലവായ അധിക തുകയായ 13,55,301/- രൂപ (പതിമൂന്ന് ലക്ഷത്തി അൻപത്തയ്യായിരത്തി മുന്നൂറ്റിഒന്ന് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച നൽകുന്നതിലേയ്ക്കുമായി പരാമർശം (5) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരമുള്ള പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമത്തെ സാധൂകരിച്ചുകൊണ്ടും ചികിത്സയിൽ തുടരുന്ന ശ്രീ. തോംസൺ ഡേവിസ്, ശ്രീ. ബിനു, ശ്രീമതി. ബിൻസി ഇഗ്നി എന്നിവരുടെ ചികിത്സയിനത്തിൽ ചെലവായ അധിക തുകയായ **13,55,301/- രൂപ (പതിമൂന്ന് ലക്ഷത്തി അൻപത്തയ്യായിരത്തി മുന്നൂറ്റിഒന്ന് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഈ അപകടവുമായി ബന്ധപ്പെട്ട് ഇനിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായം ആവശ്യപ്പെടുകയാണെങ്കിൽ ആയത് ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിദഗ്ധ

മെഡിക്കൽ സമിതി പരിശോധിച്ച് അവരുടെ ശുപാർശ കൂടി ഉൾപ്പെടുത്തിക്കൊണ്ടു വേണം സമർപ്പിക്കേണ്ടത്. കൂടാതെ ചികിത്സാച്ചെലവ് കെ.എസ്.ആർ.ടി.സി. യുടെ യാത്രക്കാർക്ക് വേണ്ടിയുള്ള ഇൻഷുറൻസ് തുകയിൽ നിന്നും വഹിക്കുവാൻ കഴിയുമോ എന്നും ജില്ലാ കളക്ടർ പരിശോധിക്കേണ്ടതാണ്.

5. വിതരണത്തിനാവശ്യമായി വരുന്ന **13,55,301/- രൂപ (പതിമൂന്ന് ലക്ഷത്തി അൻപത്തയ്യായിരത്തി മുന്നൂറ്റിഒന്ന് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ നടപടികൾ സ്വീകരിച്ച് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഡോ. എ.ജയതിലക്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ജില്ലാ കളക്ടർ, പാലക്കാട്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
പൊതുഭരണ (എസ്. സി.) വകുപ്പ്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഗതാഗത വകുപ്പ്
ഐ & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**